**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4742** **11-08-2021 - ൽ മറുപടിയ്ക്ക്**

**വയനാട് പാക്കേജിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് പാക്കേജിൽ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വയനാട് പാക്കേജിനായി 2021-22ലെ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിനുള്ള ഭേദഗതി പത്രികയിൽ, 2021-22ലെ ആദ്യ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം ബ്രഹ്മഗിരി പ്ലാന്റ് വിപുലപ്പെടുത്തുന്നതിന് ബ്രഹ്മഗിരി സൊസൈറ്റിക്ക് അടിയന്തിര സഹായം നൽകുന്നതിനുള്ള ചെലവ് വഹിക്കുന്നതിന് 'ന്യൂ സർവീസ്" നടപടിക്രമം പാലിച്ചുകൊണ്ട് "2401-00-108-29-ബ്രഹ്മഗിരി കോഫി പ്ലാന്റ് വിപുലപ്പെടുത്തുന്നതിനായി ബ്രഹ്മഗിരി സൊസൈറ്റിക്കുള്ള സഹായം (പ്ലാൻ) (ഡിമാന്റ് XXIX-കൃഷി)" എന്ന ശീർഷകവും കുടുംബശ്രീയുടെ സംഘകൃഷി ഗ്രൂപ്പുകൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പലിശ സബ്സിഡി ഇനത്തിലെ സർക്കാർ വിഹിതം സംബന്ധിച്ച ചെലവും വയനാട് കാപ്പിയുടെ വെൻഡിംഗ് മെഷീനുകളും കിയോസ്കുകളും സ്ഥാപിക്കുന്നതിനുള്ള ചെലവും വഹിക്കുന്നതിന് 'ന്യൂ സർവീസ്" നടപടിക്രമം പാലിച്ചുകൊണ്ട് "2515-00-102-29-കുടുംബശ്രീ-നിലവിലുള്ള പരിപാടികൾ (പ്ലാൻ)(ഡിമാന്റ് XXXVI-ഗ്രാമവികസനം)" എന്ന ശീർഷകവും അനുവദിച്ചു. കുടുംബശ്രീയ്ക്കുള്ള ചെലവ് "2515-00-102-29-കുടുംബശ്രീ-നിലവിലുള്ള പരിപാടികൾ (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയ്ക്കുള്ള ചെലവ്-"2401-00-108-29-ബ്രഹ്മഗിരി കോഫി പ്ലാന്റ് വിപുലപ്പെടുത്തുന്നതിനായി ബ്രഹ്മഗിരി സൊസൈറ്റിക്കുള്ള സഹായം (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നുമായിരിക്കും വഹിക്കുക. ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. കൂടാതെ 2021-22 സാമ്പത്തിക വർഷം വയനാട് ജില്ലയുടെ കാർഷിക മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി കൃഷി വകുപ്പ് 1335 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ സംയോജിത കുരുമുളക് കൃഷി വികസനം (500 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ), സംയോജിത കാപ്പി കൃഷി വികസനം (500 ലക്ഷം രൂപ), ഇഞ്ചി, മഞ്ഞൾ, ജാതി എന്നിവയുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കൽ (125 ലക്ഷം രൂപ), വെള്ളപ്പൊക്ക നിവാരണം (210 ലക്ഷം രൂപ) എന്നീ പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. കൃഷി വകുപ്പിന്റെ അംഗീകരിക്കപ്പെട്ട 2021-22ലെ ആനുവൽ പ്ലാൻ പ്രകാരമാണ് മേൽ പറഞ്ഞ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ പദ്ധതി ഘടകങ്ങൾ കൃഷിവകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ ബ്രഹ്മഗിരി ഡെവലപ്‌മെന്റ് സൊസൈറ്റിയുടെ കോഫി പ്ലാന്റ് വിപുലപ്പെടുത്തുന്നതിനായി ബ്രഹ്മഗിരി സൊസൈറ്റിക്ക് അനുവദിച്ച 5 കോടി രൂപ നൽകുന്നതിനായി പുതിയ ധന ശീർഷകം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | നിലവിൽ വയനാട് പാക്കേജുമായി ബന്ധപ്പെട്ട് നടക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | വയനാട് പാക്കേജിനായി 2021-22ലെ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിനുള്ള ഭേദഗതി പത്രികയിൽ, 2021-22ലെ ആദ്യ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം ബ്രഹ്മഗിരി പ്ലാന്റ് വിപുലപ്പെടുത്തുന്നതിന് ബ്രഹ്മഗിരി സൊസൈറ്റിക്ക് അടിയന്തിര സഹായം നൽകുന്നതിനുള്ള ചെലവ് വഹിക്കുന്നതിന് 'ന്യൂ സർവീസ്" നടപടിക്രമം പാലിച്ചുകൊണ്ട് "2401-00-108-29-ബ്രഹ്മഗിരി കോഫി പ്ലാന്റ് വിപുലപ്പെടുത്തുന്നതിനായി ബ്രഹ്മഗിരി സൊസൈറ്റിക്കുള്ള സഹായം (പ്ലാൻ) (ഡിമാന്റ് XXIX-കൃഷി)" എന്ന ശീർഷകവും കുടുംബശ്രീയുടെ സംഘകൃഷി ഗ്രൂപ്പുകൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പലിശ സബ്സിഡി ഇനത്തിലെ സർക്കാർ വിഹിതം സംബന്ധിച്ച ചെലവും വയനാട് കാപ്പിയുടെ വെൻഡിംഗ് മെഷീനുകളും കിയോസ്കുകളും സ്ഥാപിക്കുന്നതിനുള്ള ചെലവും വഹിക്കുന്നതിന് 'ന്യൂ സർവീസ്" നടപടിക്രമം പാലിച്ചുകൊണ്ട് "2515-00-102-29-കുടുംബശ്രീ-നിലവിലുള്ള പരിപാടികൾ (പ്ലാൻ)(ഡിമാന്റ് XXXVI-ഗ്രാമവികസനം)" എന്ന ശീർഷകവും അനുവദിച്ചു. കുടുംബശ്രീയ്ക്കുള്ള ചെലവ് "2515-00-102-29-കുടുംബശ്രീ-നിലവിലുള്ള പരിപാടികൾ (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും ബ്രഹ്മഗിരി ഡെവലപ്‌മെന്റ് സൊസൈറ്റിയ്ക്കുള്ള ചെലവ്-"2401-00-108-29-ബ്രഹ്മഗിരി കോഫി പ്ലാന്റ് വിപുലപ്പെടുത്തുന്നതിനായി ബ്രഹ്മഗിരി സൊസൈറ്റിക്കുള്ള സഹായം (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നുമായിരിക്കും വഹിക്കുക. ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. കൂടാതെ 2021-22 സാമ്പത്തിക വർഷം വയനാട് ജില്ലയുടെ കാർഷിക മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി കൃഷി വകുപ്പ് 1335 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ സംയോജിത കുരുമുളക് കൃഷി വികസനം (500 ലക്ഷം രൂപ), സംയോജിത കാപ്പി കൃഷി വികസനം (500 ലക്ഷം രൂപ), ഇഞ്ചി, മഞ്ഞൾ, ജാതി എന്നിവയുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കൽ (125 ലക്ഷം രൂപ), വെള്ളപ്പൊക്ക നിവാരണം (210 ലക്ഷം രൂപ) എന്നീ പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. കൃഷി വകുപ്പിന്റെ അംഗീകരിക്കപ്പെട്ട 2021-22ലെ ആന്വൽ പ്ലാൻ പ്രകാരമാണ് മേൽ പറഞ്ഞ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ പദ്ധതി ഘടകങ്ങൾ കൃഷിവകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ കോഫി പ്ലാന്റ് വിപുലപ്പെടുത്തുന്നതിനായി ബ്രഹ്മഗിരി സൊസൈറ്റിക്ക് അനുവദിച്ച 5 കോടി രൂപ നൽകുന്നതിനായി പുതിയ ധന ശീർഷകം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | വിവിധ വകുപ്പുകൾക്ക് കീഴിൽ വയനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾക്ക് ക്രോഡീകരണവും ഏകോപനവും ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

**കേരളസർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്-വയനാട് പാക്കേജ്-2021-22 മുതൽ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ- ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്,

---

**ധനകാര്യ (അഗ്രി-ബി) വകുപ്പ്**

സ.ഉ.(കൈ) നം. 32/2021/ധന    തീയതി, തിരുവനന്തപുരം 20/02/2021

---

പരാമർശം :- 1. 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗം.

2. 17.02.2021 തീയതിയിലെ മന്ത്രിസഭായോഗതീരുമാനം.

## ഉത്തരവ്

2019-20-ലെ ബജറ്റ് പ്രസംഗത്തിൽ കാർഷിക പ്രതിസന്ധിയിൽ വലയുന്ന വയനാട്ടിലെ ജനങ്ങളുടെ വരുമാനം ഇരട്ടിയാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള, വയനാട്ടിലെ കാപ്പിപ്പൊടി വിൽക്കുന്നതിനായി ഒരു പദ്ധതി മുന്നോട്ടു വെച്ചിരുന്നു. കൂടാതെ 2021 ജനുവരി 15-ന് നടന്ന 2021-22-ലെ ബജറ്റ് പ്രസംഗത്തിൽ വയനാട് കാപ്പി ബ്രാൻഡിന്റെ ഉൽപ്പാദനം അടുത്ത മാസം ആരംഭിയ്ക്കുമെന്നും പ്രാരംഭ ഘട്ടത്തിൽ ബ്രഹ്മഗിരിയിലെ കോഫി പ്ലാന്റാണ് ഉപയോഗപ്പെടുത്തുകയെന്നും പ്രഖ്യാപിയ്ക്കുകയുണ്ടായി.

2) വയനാട് ജില്ലയുടെ സമഗ്ര വികസനത്തിനുള്ള പരിപാടി 2021 ഫെബ്രുവരി 12-ന് ബഹു.മുഖ്യമന്ത്രി വയനാട്ടിൽവച്ച് പ്രഖ്യാപിക്കുകയുണ്ടായി. വയനാട്ടിലെ പ്രമുഖ കാർഷികവിളയായ കാപ്പിയിൽ നിന്നുള്ള വരുമാനം, വരുന്ന 5 വർഷം കൊണ്ട് ഇരട്ടിപ്പിക്കുന്നതിനുള്ള ദീർഘകാല പദ്ധതിയാണ് ഈ പാക്കേജിന്റെ പ്രധാന ഇനം. കാപ്പിപ്പൊടിയുടെ ചില്ലറ വിൽപ്പന വിലയുടെ 20 ശതമാനമെങ്കിലും കാപ്പി കർഷകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അത് ഉൽപ്പാദിപ്പിക്കുന്നതിനുള്ള കോഫി പാർക്കിന് വേണ്ടിയുള്ള നടപടികൾ 2022 അവസാനത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

3) കൃഷിക്കാർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടിയായി, കാപ്പിക്കുരു ഉയർന്ന വിലയ്ക്ക് സംഭരിച്ച് കാപ്പിപ്പൊടിയാക്കി സംസ്കരിച്ച് വിപണനം നടത്തുന്നതിനായി, കോഫി പാർക്ക് പൂർത്തിയാകുന്നതുവരെ താൽക്കാലികമായി ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്ലാന്റിൽ കാപ്പിപ്പൊടി ഉൽപ്പാദിപ്പിയ്ക്കുവാൻ 17.02.2021-ലെ മന്ത്രിസഭായോഗം തീരുമാനം കൈക്കൊണ്ടു.

4) കിലോഗ്രാമിന് 65/- രൂപ വിപണി വിലയുള്ള കാപ്പിക്കുരുവിന്, നിശ്ചിത നിലവാരമുള്ളവയ്ക്ക് 90/- രൂപ നിരക്കിൽ സംഭരിക്കുവാനും സർക്കാരും സംഭരണ-സംസ്കരണ ഏജൻസിയും തുല്യമായി ഈ സബ്സിഡി വഹിക്കുന്ന വിധം സംഭരണ പരിപാടിയായി രൂപപ്പെടുത്താനും തീരുമാനിക്കപ്പെട്ടു. കാപ്പിക്കുരു സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള ക്രമീകരണം ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി ഏർപ്പെടുത്തേണ്ടതാണ്. വിപണി വിലയും സംഭരണ വിലയും തമ്മിലുള്ള വ്യത്യാസം കിലോഗ്രാമിന് 25/- രൂപയാണ്. ബ്രഹ്മഗിരി സൊസൈറ്റിക്ക് കിലോഗ്രാമിന് 12.50/- രൂപ വച്ച് സർക്കാർ സബ്സിഡി നൽകാമെന്നും തീരുമാനിച്ചു., പത്തു ഹെക്ടറിൽ താഴെ കൃഷി ചെയ്യുന്ന കർഷകർക്കായിരിക്കണം മുൻഗണന നൽകുക .

5) ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ നിലവിലുള്ള സംസ്കരണ സംവിധാനങ്ങൾ പരിമിതമായതിനാൽ, 2021-22-ൽ സൊസൈറ്റിക്ക് നൽകുമെന്ന് പ്രഖ്യാപിച്ച 5 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം തന്നെ ധനപുനഃക്രമീകരണം വഴി നൽകുന്നതാണ്.

6) വയനാട് കാപ്പിയുടെ പ്രചരണത്തിനും ഉപയോഗം വർദ്ധിപ്പിക്കുന്നതിനും വേണ്ടി കുടുംബശ്രീയും ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയും സഹകരിച്ച് 600 കോഫി വെൻഡിംഗ് മെഷീനുകളും കിയോസ്കുകളും സ്ഥാപിക്കണം. കോഫി വെൻഡിംഗ് മെഷീനുകളും കിയോസ്കുകളും സ്ഥാപിക്കുന്നതിനുള്ള ചെലവ് കുടുംബശ്രീയ്ക്ക് അനുവദിക്കുന്നതാണ് .കോഫി വെൻഡിംഗ് പോയിന്റുകൾക്ക് കിലോഗ്രാമിന് 400/- രൂപയക്ക് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി കാപ്പിപ്പൊടി നൽകണം. ഉൽപ്പാദന ചെലവ് കഴിച്ച് കിട്ടുന്ന ലാഭത്തിൽ നിന്ന് കോഫി വെൻഡിംഗ് പോയിന്റുകളുടെ വേതന ചെലവുകളും സ്ഥാപന ചെലവുകളും നിർവ്വഹിക്കേണ്ടതാണെന്നും തീരുമാനിച്ചു.

7. സൂചന (2) പ്രകാരമുള്ള മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കിലോഗ്രാമിന് 90/- രൂപ നിരക്കിൽ വയനാട് കാപ്പിക്കുരു സംഭരിക്കുന്നതിന് തീരുമാനിച്ചു. സർക്കാർ സംഭരണ സംസ്കരണ സംവിധാനമായ വയനാട് കോഫി പാർക്ക് പൂർത്തിയാകുന്നതുവരെ താൽക്കാലികമായി ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയെ സംഭരണത്തിനും സംസ്കരണത്തിനും ചുമതലപ്പെടുത്തുന്നു. പ്രതിവർഷം പരമാവധി 10 കോടി രൂപ എന്ന പരിധിയ്ക്ക് വിധേയമായി കിലോഗ്രാമിന് 12.50/- രൂപ ക്രമത്തിൽ ഇതിന് സർക്കാർ സബ്സിഡി നൽകും വിപണി വിലയും സംഭരണവിലയും തമ്മിലുള്ള വ്യത്യാസത്തിൽ സർക്കാർ സബ്സിഡി കഴിച്ചുള്ള തുക ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി വഹിക്കുന്നതായിരിക്കും .
2. ഇതുമായി ബന്ധപ്പെട്ട് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ സംസ്കരണ സംവിധാനങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിന് വേണ്ടി 5 കോടി രൂപ അനുവദിക്കുന്നു .
3. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 600 കോഫി വെൻഡിംഗ് മെഷീനുകളും കിയോസ്കുകളും സ്ഥാപിക്കുന്നതും അതിന് 400/kg രൂപ നിരക്കിൽ കാപ്പിപ്പൊടി ബ്രഹ്മഗിരി സൊസൈറ്റി നൽകുന്നതുമായിരിക്കും.
4. കോഫി വെൻഡിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് നിർവ്വഹിക്കുന്നതിനായി കുടുംബശ്രീക്ക് 20 കോടി രൂപ പ്രത്യേകമായി അനുവദിക്കുന്നു.

5. ഇതിനായുള്ള ചെലവ് 2401-00-800-27 വയനാട് പാക്കേജ് (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജേഷ് കുമാർ സിംഗ് ഐ.എ.എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ് സി ) വകുപ്പ് (മന്ത്രിസഭാ യോഗതീരുമാനം ഇനം. നം: 4778 (O.A.) തീയതി.17.02.2021
4. കൃഷി വകുപ്പ്
5. വ്യവസായ വകുപ്പ്
6. നോഡൽ ഓഫീസർ, www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി
8. ധനകാര്യ (ബഡ്ജറ്റ്-ഇ) വകുപ്പ്
9. മൃഗസംരക്ഷണ വകുപ്പ്
10. തദ്ദേശ സ്വയംഭരണ വകുപ്പ്

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

**കേരളസർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്-വയനാട് പാക്കേജ്-2021-22 മുതൽ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

**ധനകാര്യ (അഗ്രിക്കൾച്ചർ-ബി) വകുപ്പ്**

സ.ഉ.(കൈ)നം. 77/2021/ധന തിയതി, തിരുവനന്തപുരം 12/07/2021

പരാമർശം :- 1. സ.ഉ.(കൈ)നം.32/2021/ധന തീയതി 20/02/2021

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം വയനാട് പാക്കേജുമായി ബന്ധപ്പെട്ട് 2021-22 മുതൽ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2021-22-ലെ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിനുള്ള ഭേദഗതി പത്രികയിൽ, 2021-22-ലെ ആദ്യ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം ബ്രഹ്മഗിരി പ്ലാന്റ് വിപുലപ്പെടുത്തുന്നതിന് ബ്രഹ്മഗിരി സൊസൈറ്റിക്ക് അടിയന്തിര സഹായം നൽകുന്നതിനുള്ള ചെലവ് വഹിക്കുന്നതിന് 'ന്യൂ സർവീസ് ' നടപടിക്രമം പാലിച്ചുകൊണ്ട് " 2401-00-108-29-ബ്രഹ്മഗിരി കോഫി പ്ലാന്റ് വിപുലപ്പെടുത്തുന്നതിനായി ബ്രഹ്മഗിരി സൊസൈറ്റിക്കുള്ള സഹായം (പ്ലാൻ) (ഡിമാന്റ് XXIX-കൃഷി)" എന്ന ശീർഷകവും കുടുംബശ്രീയുടെ സംഘകൃഷി ഗ്രൂപ്പുകൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പലിശ സബ്സിഡി ഇനത്തിലെ സർക്കാർ വിഹിതം സംബന്ധിച്ച ചെലവും വയനാട് കാപ്പിയുടെ വെൻഡിംഗ് മെഷീനുകളും കിയോസ്കുകളും സ്ഥാപിക്കുന്നതിനുള്ള ചെലവും വഹിക്കുന്നതിന് 'ന്യൂ സർവീസ്' നടപടിക്രമം പാലിച്ചുകൊണ്ട് "2515-00-102-29-കുടുംബശ്രീ-നിലവിലുള്ള പരിപാടികൾ (പ്ലാൻ) (ഡിമാന്റ് XXXVI-ഗ്രാമവികസനം)" എന്ന ശീർഷകവും അനുവദിച്ചു.

മേൽ സാഹചര്യത്തിൽ പരാമർശ ഉത്തരവിലെ ഖണ്ഡിക 7 ഉപഖണ്ഡിക 5-ൽ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

***കുടുംബശ്രീയ്ക്കുള്ള ചെലവ് "2515-00-102-29-കുടുംബശ്രീ-നിലവിലുള്ള പരിപാടികൾ (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റിയ്ക്കുള്ള ചെലവ്-"2401-00-108-29-ബ്രഹ്മഗിരി കോഫി പ്ലാന്റ് വിപുലപ്പെടുത്തുന്നതിനായി ബ്രഹ്മഗിരി സൊസൈറ്റിക്കുള്ള സഹായം (പ്ലാൻ) " എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.***

മേൽ ഭേദഗതിയോടെ പരാമർശ ഉത്തരവ് നിലനില്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാജേഷ് കുമാർ സിംഗ് ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി &എസ്.എസ്.എ) കേരള, തിരുവനന്തപുരം,
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ് സി ) വകുപ്പ് (മന്ത്രിസഭാ യോഗതീരുമാനം ഇനം. നം: 4778 (O.A.) തീയതി 17.02.2021
4. കൃഷി വകുപ്പ്
5. വ്യവസായ വകുപ്പ്
6. ധനകാര്യ (ബഡ്ജറ്റ്-ഇ)വകുപ്പ്
7. മൃഗസംരക്ഷണ വകുപ്പ്
8. തദ്ദേശ സ്വയംഭരണ വകുപ്പ്
9. നോഡൽ ഓഫീസർ, www.finance.kerala.gov.in
10. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ